# SNVSHS THRIKKARUVA

# ACADEMIC MASTER PLAN 2025-2026

എസ്. എൻ. വി. എസ്. എച്ച്. എസ്
തൃക്കരുവ

2025 - 2026 വർഷത്തെ മാസ്റ്റർപ്ലാൻ

## ആമുഖം

ശ്രീ നാരായണ ഗുരുദേവന്റെ സന്ദേശങ്ങൾ പ്രസക്തി ഏറുകയും കൂടിയ ഈ കാലഘട്ടത്തിൽ ഗുരുദേവന്റെ നിർദേശ പ്രകാരം സ്ഥാപിതമായ എസ്. എൻ. വി സംസ്കൃത ഹൈസ്കൂൾ. തിരുവിതാംകൂർ രാജാവിന്റെ കൽപന ഉണ്ടാകുന്നതിനു മുൻപു തന്നെ അവർണ്ണർക്ക് വിദ്യ നൽകാൻ അനുവാദം നൽകിയ സ്കൂളാണ്. തൃക്കരുവ ഗ്രാമത്തിന്റെ മുഖശ്രീയായി വിരാജിക്കുന്ന വിദ്യാലയമുത്തശ്ശി ശിഷ്യപരമ്പരയിൽ അനേകം മഹത്തുക്കളെ നാടിന് സമ്മാനിച്ചിട്ടുണ്ട്.

കാലചക്രമുരുണ്ടു. ആർഷസംസ്കൃതിയുടെ അന്തഃസത്ത വിളിച്ചോതുന്ന ദേവഭാഷ തിരസ്കരിച്ച് ആംഗലേയ ഭാഷയുടെ പിന്നാലെ സമൂഹം പരക്കം പായുന്ന ഈ കാലഘട്ടത്തിൽ മാനവികതയുടെ തേരുതെളിക്കേണ്ടുന്ന പുത്തൻ തലമുറ വിധിവൈപരീത്യമെന്ന പോലെ സമൂഹത്തെ നശിപ്പിക്കുന്ന വിഘടനവാദത്തിനും മയക്കുമരുന്നിനും അടിമകളാവുന്ന കാഴ്ച സാംസ്കാരിക കേരളം നിർന്നിമേഷരായി നോക്കി നിൽക്കുന്നത് നമുക്ക് കാണാൻ കഴിയും. സമസ്ത മേഖലയിലും മാറുന്ന

പ്രവർത്തനങ്ങളെ കാഴ്ചവെച്ചുകൊണ്ട് കൂടുതൽ കുട്ടികൾ ഈ സ്കൂളിൽ ചേരുന്നതിനുള്ള പ്രവർത്തനം തുടങ്ങി കഴിഞ്ഞു. ഇത്തരം പ്രവർത്തനങ്ങൾക്ക് സമൂഹത്തിന്റെ എല്ലാമേഖലയിലുമുള്ള സുമനസുകളുടെ സഹായം ഈ സരസ്വതി ക്ഷേത്രത്തെ ഉയരങ്ങളിൽ എത്തിക്കുമെന്ന് പ്രത്യാശിക്കുന്നു

## അക്കാദമികമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

- വായനാ പ്രോത്സാഹനം - എല്ലാ സ്കൂളുകളുടെയും സഹായത്തോടെ മാസികകൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ വരുത്തും.
- വായനാ കുറിപ്പുകൾ, കയ്യെഴുത്ത് മാസികകൾ തയ്യാറാക്കൽ, പ്രദർശിപ്പിക്കൽ.
- സർഗ വേളകൾ സംഘടിപ്പിക്കൽ. പഠനേതര പ്രവർത്തനങ്ങൾ - മികവുകൾ - സമൂഹത്തിൽ എത്തിക്കൽ (ദിനാചരണങ്ങൾ, കവിയരങ്ങ് - ....)
- സ്കൂൾ റേഡിയോ ക്ലബ് - കൃത്യനിഷ്ഠയോടെ പ്രവർത്തിക്കും
- ഫെയിസ് ബുക്ക്, സ്കൂൾ വിക്കി, എന്നിവയുടെ ഉപയോഗം - സമൂഹത്തെ അറിയിക്കൽ
- വിവിധ ക്ലബുകൾ വർഷാദ്യം തന്നെ രൂപീകരിക്കുന്നു

ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ

- അവധിക്കാല വ്യക്തിത്വ വികസന ക്യാമ്പ്
- കരിയർ ഗൈഡൻസ് ക്ലാസുകൾ, പ്രദർശനങ്ങൾ
- അഭിമുഖം, സംവാദങ്ങൾ
- അസംബ്ലികൾ (വിവിധ വിഷയങ്ങൾ)
- മികച്ച അവതരണങ്ങൾക്ക് സമ്മാന വിതരണം
- പൊതു വിജ്ഞാനം വർദ്ധിപ്പിക്കാൻ വ്യക്തികളുടെയും സാമൂഹിക സന്നദ്ധ സംഘടനകളുടെ സഹായം.

SNVSHS

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സംസ്കൃതം (UP, HS)

**പഠനലക്ഷ്യങ്ങൾ**

- സംസ്കൃതപഠനത്തിൽ താത്പര്യം ഉണ്ടാക്കുന്നു, ഭാഷാപഠനം രസകരമാക്കുന്നു.
- വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ എന്നിവ തിരിച്ചറിയാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് നേടുന്നു.
- അക്ഷരങ്ങൾ വ്യക്തതയോടെ ഉച്ചരിക്കാനും വാക്യങ്ങൾ, സുഭാഷിതങ്ങൾ, ലഘുകവിതകൾ എന്നിവ വായിക്കുവാനും എഴുതുവാനും ആലപിക്കുവാനും കഴിവ് നേടുന്നു.
- സംസ്കൃതഭാഷയിൽ സംസാരിക്കുവാനുള്ള കഴിവ് നേടുന്നു.
- ചരിത്രാവബോധം ശാസ്ത്രാവബോധം എന്നിവ നേടുന്നു.
- പൗരധർമ്മം ലിംഗസമത്വം ജനാധിപത്യം എന്നീ മൂല്യങ്ങളെ ഉൾക്കൊള്ളുന്ന തലമുറയെ സൃഷ്ടിക്കുന്നു.
- കയ്യെഴുത്ത് മാസികകൾ, നിഘണ്ടുക്കൾ, ഡോക്യുമെന്ററികൾ, ഹ്രസ്വചലച്ചിത്രങ്ങൾ എന്നീ സർഗ്ഗാത്മകപ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ പ്രാപ്തരാക്കുന്നു.
- സംസ്കൃതോത്സവങ്ങൾ, ദിനാചരണങ്ങൾ, പ്രദർശിനികൾ എന്നിവ സംഘടിപ്പിക്കുന്നതിനും അവതരിപ്പിക്കുന്നതിനും പ്രാപ്തരാക്കുന്നു.

| ക്ര.നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കേൾവി | സംസ്കൃതകവിതകൾ, ലഘുഗാനങ്ങൾ, സുഭാഷിതങ്ങൾ, അക്ഷരഗാനങ്ങൾ, സംഖ്യാഗാനങ്ങൾ, വിഭക്തിഗീതങ്ങൾ ക്രീഡാഗാനങ്ങൾ എന്നിവ കേൾപ്പിക്കുന്നു, പാടുന്നു. ഗ്രൂപ്പായി അവതരിപ്പിക്കുന്നു. ചെറിയ കഥകൾ, പാഠഭാഗങ്ങളുടെ ശബ്ദരേഖകൾ എന്നിവ കേൾപ്പിക്കുന്നു. (എല്ലാദിവസവും 10 മിനിറ്റ്) | ജൂൺ - സെപ്റ്റംബർ | സംസ്കൃത സമിതി അധ്യാപകൻ | ഇല്ല |
| 2 | ഉച്ചാരണം | അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വാക്യങ്ങൾ പ്രദർശിപ്പിച്ച് ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണസ്ഥാനങ്ങൾ ഉറപ്പിക്കുന്നു. സുഭാഷിതങ്ങൾ ശ്ലോകങ്ങൾ എന്നിവ അക്ഷരശുദ്ധിയോടെ ചൊല്ലാൻ പരിശീലിപ്പിക്കുന്നു. കഥകൾ ഭാവാത്മകതയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു. ഒറ്റക്കും സംഘമായും വായിക്കുവാനും പാടുവാനും അവസരം കൊടുക്കുന്നു | ജൂൺ- സെപ്റ്റംബർ | സംസ്കൃത സമിതി അധ്യാപകൻ | ഇല്ല |
| 3 | എഴുത്ത് | സമാനാക്ഷരങ്ങളുള്ള പദങ്ങൾ എഴുതിപ്പിക്കുന്നു. ചിത്രങ്ങൾ കണ്ട് പദങ്ങൾ എഴുതുന്നു. അഭ്യാസപുസ്തികയിൽ മാതൃക കണ്ട് എഴുതാൻ പരിശിലിക്കുന്നു. രണ്ടുവരപുസ്തികയിൽ അക്ഷരങ്ങൾ പദങ്ങൾ വാക്കുകൾ എന്നിവ ചിഹ്നങ്ങളോടുകൂടി എഴുതാൻ പരിശീലിക്കുന്നു. സംയുക്താക്ഷരങ്ങൾ കണ്ടെത്തി വർണ്ണവിച്ഛേദം ചെയ്ത് എഴുതിക്കുന്നു. കേട്ടെഴുത്ത്, കണ്ടെഴുത്ത് എന്നിവ നടത്തുന്നു. വിഭക്തിലിംഗവചനങ്ങളനുസരിച്ച് എഴുതാൻ പരിശീലിക്കുന്നു. | ജൂലായ് – ജനുവരി | സംസ്കൃത സമിതി അധ്യാപകൻ | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | ചെറുവാക്യങ്ങൾ, ചെറുകവിതകൾ, പാദടിപ്പണികൾ ശീർഷകങ്ങൾ എന്നിവ ആശയങ്ങൾക്കനുസരിച്ച് എഴുതിപ്പിക്കുന്നു. രചനാമത്സരങ്ങൾക്കായി പരിശീലിപ്പിക്കുന്നു.<br>മലയാളവാക്യങ്ങളെ സംസ്കൃതത്തിലേക്ക് വിവർത്തനം ചെയ്യാൻ പഠിപ്പിക്കുന്നു. | | | |
| 4 | വായന | അക്ഷരങ്ങൾ, പദങ്ങൾ, വാക്യങ്ങൾ, ചിത്രങ്ങൾ എന്നിവയുടെ കാർഡുകൾ ഉണ്ടാക്കുന്നു. അവയുപയോഗിച്ച് വായിക്കാൻ പരിശീലിപ്പിക്കുന്നു. പാഠഭാഗങ്ങളുടെ വായന നിർബന്ധമാക്കുന്നു. അനുബന്ധമായി ലൈബ്രറിയിലെ സംസ്കൃതപുസ്തകങ്ങൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നു. കഥ, കവിത, വായനകാർഡുകൾ, ചിത്രപദകോശങ്ങൾ എന്നിവ വായനക്കായി ഉപയോഗിക്കുന്നു. സംസ്കൃതമാധുരിയിലെ പുസ്തകങ്ങൾ ഇതിനായി ഉപയോഗിക്കുന്നു.<br>വായനോത്സവങ്ങൾ, വാർത്തവായന, പുസ്തകപാരായണം എന്നിവ ക്ലാസ്സ് തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിക്കുന്നു. | ഒരു വർഷം | സംസ്കൃത സമിതി അധ്യാപകൻ | ഇല്ല |
| 5 | കോശനിർമ്മാണം, കയ്യെഴുത്ത് മാസിക | ചിത്രങ്ങൾ പദങ്ങളോട് ചേർത്ത് ചിത്രപദകോശം നിർമ്മിക്കുന്നു.<br>പുല്ലിംഗപദങ്ങൾ, സ്ത്രീലിംഗപദങ്ങൾ, നപുംസകലിംഗ പദങ്ങൾ എന്നിവയുടെ പദകോശം നിർമ്മിക്കുന്നു.<br>ക്ത്വാന്തം, ല്യബന്തം, തുമുന്നന്തം എന്നിവയുടെ അവ്യയപദകോശം നിർമ്മിക്കുന്നു.<br>ക്രിയാപദങ്ങളുടെ (ലട്, ലങ്, ലോട്) ക്രിയാപദകോശം നിർമ്മിക്കുന്നു. | ഒരു വർഷം | സംസ്കൃത സമിതി അധ്യാപകൻ | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | എന്റെ കവിതാപുസ്തകം, എന്റെ കഥാപുസ്തകം എന്നിങ്ങനെ കയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു. | | | |
| 6 | ചരിത്രാവബോധം | ചരിത്രത്തെ തിരിച്ചറിയുന്നതിനായി ചിത്രപ്രദർശനം, ചിത്രരചനാമത്സരം, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നു. | ഒരു വർഷം | സംസ്കൃത സമിതി അധ്യാപകർ | ഇല്ല |
| 7 | ശാസ്ത്രാവബോധം | ശാസ്ത്രകാരന്മാരുടെ വിവരശേഖരണം, ശാസ്ത്രഗ്രന്ഥങ്ങളുടെ പ്രദർശനം, ശാസ്ത്രകേന്ദ്രങ്ങളിലേക്കുള്ള സന്ദർശനം എന്നിവ സംഘടിപ്പിക്കുന്നു. | ഒരു വർഷം | സംസ്കൃത സമിതി അധ്യാപകർ | ഇല്ല |
| 8 | മൂല്യബോധം, ലിംഗസമത്വം, ജനാധിപത്യം | പാഠഭാഗങ്ങളിലെ മൂല്യബോധങ്ങളെ ഉറപ്പിക്കുന്നതിനുവേണ്ടി സെമിനാറുകൾ, സംവാദങ്ങൾ, ശില്പശാലകൾ, നാടകക്കളരികൾ, പഠനയാത്രകൾ എന്നിവയിൽ കുട്ടികളെ പങ്കാളികളാക്കുന്നു. | ഒരു വർഷം | സംസ്കൃത സമിതി അധ്യാപകർ | ഇല്ല |
| 9 | അവതരണം | പാഠഭാഗങ്ങളുടെ വ്യത്യസ്ത അവതരണങ്ങൾ, സംസ്കൃതോത്സവങ്ങളിലെ അവതരണങ്ങൾ, അക്ഷരശ്ലോകസദസ്സുകൾ, കവിയരങ്ങ്, സംസ്കൃതസംഭാഷണാഭ്യാസം നേടുന്ന നാടകക്കളരികൾ, പാഠകങ്ങൾ, സംസ്കൃതകലാരൂപങ്ങളുടെ അവതരണങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു (10 സം. ക്യാമ്പ്) | ഒരു വർഷം | സംസ്കൃത സമിതി അധ്യാപകർ | ഇല്ല |
| 10 | ചിത്രീകരണം | പാഠഭാഗങ്ങളുടെ ചിത്രീകരണം, ഡോക്യുമെന്ററികൾ, റീലുകൾ, സംസ്കൃതലഘുചലച്ചിത്രങ്ങൾ എന്നിവ നിർമ്മിക്കാൻ പരിശീലിപ്പിക്കുന്നു | ഒരു വർഷം | സംസ്കൃത സമിതി അധ്യാപകർ | ഇല്ല |

പ്രവർത്തനം → രക്ഷിതാക്കളും സംസ്കൃത ദിവസം
[രക്ഷിതാക്കളിൽ സംസ്കൃതാഭിമുഖ്യം വളർത്തുന്ന
തരത്തിൽ സംഘടിപ്പിക്കണം]

മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | up 8,9 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന , ഭാഷാപോഷിണി പ്രവർത്തനങ്ങൾ . പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു.CWSN,SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥ യും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തനപാക്കേജ്. | ജൂൺ രണ്ടാം വാരം | up 8,9, 10 | ഹിന്ദി അധ്യാപകർ, മറ്റ് ഭാഷാധ്യാപകർ | സ്വതന്ത്ര – വായനയ്ക്ക് കുട്ടികളെ സജ്ജരാക്കുക . |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക., ഹിന്ദിയിൽ എണ്ണും,ആഴ്ച,മാസം , എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | up 8,9 10 | ഹിന്ദി അധ്യാപകർ | " |
| 4 | CWSN,SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ, ഐ സിടി മുഖാന്തിരം പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | up 8,9, 10 | ഹിന്ദി അധ്യാപകർ | ഹിന്ദി പഠനത്തിനുള്ള പുത്തനുണർവ്വും സർഗ്ഗവും വികസിപ്പിക്കുക . |

| | | | | | |
|---|---|---|---|---|---|
| 5 | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. ഹിന്ദി സംസാരിക്കാൻ അവസരങ്ങൾ നൽകുക. (ക്ലാസ്സ്‌റൂം, ഗ്രൂപ്പ് ചർച്ചകൾ) | ആഴ്ചയിൽ ഒരു പ്രാവശ്യം | UP 8, 9,10 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക. ഹിന്ദിക്ലബ് പ്രവർത്തനങ്ങൾ ശക്തപ്പെടുത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | UP, 8,9,10 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | UP 9,8 10 | ഹിന്ദി അധ്യാപകർ | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | UP 8,9 10 | ഹിന്ദി അധ്യാപകർ | |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി, സിനിമ കാണാനുള്ള അവസരം<br>• വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | UP 8,9,10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | |
| 10 | • കുട്ടികൾക്ക് മാനസികോല്ലാസം നിലനിർത്തികൊണ്ട് AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും ഭാഷാപഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | UP 8,9, 10 | ഹിന്ദി അധ്യാപകർ , ക്ലാസ്സ് അധ്യാപകർ, മറ്റു അധ്യാപകർ | സാങ്കേതികവിദ്യ സാധ്യതകൾ ഉപയോഗപ്പെടുത്തുക. |

ലെവൽ U.P സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | അങ്ങാട് - കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം. (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | ഓർമ്മച്ചെപ്പ്<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി മെമ്മറി test നടത്തുന്നു | " | " | |

| | | | | | |
|---|---|---|---|---|---|
| പരിണാമ ചരിത്ര ബോധം ഉളവാക്കിയെടുക്കുക | Virtual field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്ര ബോധം വളർത്തുന്നു. | നിരന്തരിക വർഷാന്ത്യം | " | | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങേറുന്ന ലോകസഭ, പാർലമെന്റ് സഭ എന്നിവയിൽ തെരഞ്ഞെടുപ്പ് പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനവും മനസ്സിലാക്കുന്നു. | " | " | | |
| 4) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതി ദുരന്തവും നേരിടാം<br>ഭൂകമ്പം സുനാമി, കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ദൃശ്യങ്ങൾ പ്രദർശിപ്പിക്കുക ഫയർഫോഴ്സ് ഉദ്യോഗസ്ഥരുടെ Demonstration class സംഘടിപ്പിക്കുക | " | " | | |

| | | | |
|---|---|---|---|
| സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | നമ്മുടെ നാട്ടറിവുകളെപ്പറ്റി<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. വിദ്യാലയത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്ത ബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു | " | " |
| 6) വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | ചിലന്തി വലയിൽ നിന്ന് കുതിച്ചുചാട്ടം<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | " | " |

one sample t test

| | | | | |
|---|---|---|---|---|
| 7) സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുന്നു. | കാടെവിടെ മക്കളേ (ഫീൽഡ് ട്രിപ്പ്, സർവ്വേ) പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ കണ്ടൽക്കാടുകൾ തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | ദീർഘകാലികവർഷം | " | |
| 8) സാമൂഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | പുതുപ്രകാശങ്ങളിലേക്ക് സിവിൽ സർവ്വീസ് പരീക്ഷ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്ന മത്സര ബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉപാധികൾ നിരീക്ഷണം കൊണ്ടുള്ള ദിനങ്ങളിലൂടെ ചോദ്യോത്തര വേദികൾ ക്വിസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | " | " | |

# MASTER PLAN – ENGLISH

## UP

| Aim | Activities | Month | Responsible person | Economic Source |
|---|---|---|---|---|
| To encourage listening and speaking | Interactive storytelling sessions discussing themes, characters and plots to enhance listening skills<br>Group discussions and role-plays to improve speaking skills.<br>Vocabulary games and exercises to build world knowledge | June | English teachers | English Club. |
| To encourage Reading<br>Develop basic reading, writing listening and speaking skills | Divide students into small groups and provide them with age-appropriate texts such as short stories | | | |

| | | | | |
|---|---|---|---|---|
| Assessment and feed back | use a variety of assessment methods such as quizzes, tests and perfomence tasks to assess different aspects of language learning | Throughout the year | English teachers | English club |
| | Provide resources and tips for parents on how to support their child's literacy | | | |
| Parent involvement | Development at home, including book recommendations reading strategies and/ language enrichment activities | | English teachers & PTA members & parents | |
| | Encourage parents with expertise in English language teaching, literacy or language acquisition to share their knowledge and skills with students and teachers | | | |

| | | | | |
|---|---|---|---|---|
| To develop basic grammar rules | | | | |
| Focus on Sentence structure, Pronunciation and grammar | Focus on developing Simple paragraphs<br>Preparing and delivering Speeches.<br>Interactive grammar games | January - February | English teacher | English club. |
| Language games and Activities | For example play word association games, vocabulary bingo to practice new words and concepts<br>To create their own poems, stories etc present it to the class. | Throughout the year | | |

| | | | | |
|---|---|---|---|---|
| Cultivate effective communication skills for various contexts | Each group reads and assigned text together and discusses key elements like characters and themes | | English teacher | English club. |
| | Encourage students to take turns reading aloud and share their interpretations and reactions to the text | July | | |
| | Guided reading sessions with comprehension questions | | | |
| | Debates and presentations for advanced speaking practice | August - December | | |
| To develop writing skills<br>Introduce grammatical concepts such as parts of speech, tenses, sentence structure | Practice for simple creative writing tasks like short stories, descriptive paragraphs and simple poetry | | | |

അക്കാദമിക മാസ്റ്റർപ്ലാൻ (2025-26)

സോഷ്യൽ സയൻസ് H.S (Text Book Based)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| * ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കാൻ പൗരബോധം, മൂല്യബോധം എന്നിവ കുട്ടികളിൽ വളർത്താൻ. | 'സ്കൂൾ പാർലമെന്റ്' നടത്തുന്നു. വിവിധ സാമൂഹികസേവന പ്രവർത്തനങ്ങളിലൂടെ (രക്തദാനത്തിലെ ഉൾക്കവായന പ്രോത്സാഹിപ്പിക്കൽ, ദിനാചരണങ്ങൾ, വൃക്ഷത്തൈ വിതരണം, നടീൽ) പൗരബോധമുള്ള വ്യക്തികളായി മാറുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ തിരഞ്ഞെടുത്ത ദിനങ്ങളിൽ, വർഷം മുഴുവനും | SS teacher<br>SS club |
| * ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണയം നടത്താൻ പ്രാപ്തരാക്കുക, ഭൂമിശാസ്ത്രപരമായ അറിവ്- | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാൻ സഹായിക്കുന്നു, 'My own Atlas' നിർമ്മാണം, | അക്കാദമിക വർഷം. | SS teachers |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ വളർത്തുക. CWSN കുട്ടികളെയും ഉൾ-പ്പെടുത്തി My own Atlas തയ്യാറാക്കുക. | ഭൂപടവായന ശേഷി, അറ്റ്ലസ്, ഗ്ലോബ് എന്നിവ കുട്ടികൾക്ക് പരിചിതമാക്കുക ലിഖിതപ്രവർത്തനങ്ങൾ നൽകുന്നു. | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ശാസ്ത്രം (HS)

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക |
|---|---|---|---|---|---|
| 1. | ശാസ്ത്രപഠനത്തിൽ താൽപര്യം വർധിപ്പിക്കുക, പഠനം മെച്ചപ്പെടുത്തുക. | • ടെസ്റ്റ് നടത്തി ശാസ്ത്രപഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പിന്തുണ നൽകൽ. | 1 മാസം | സയൻസ് ടീച്ചർ | |
| | | • ക്ലാസ് PTA യോഗത്തിൽ ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യൽ, പരിഹാരം കണ്ടെത്തൽ | അക്കാദമിക വർഷത്തിൽ 3 തവണ | ക്ലാസ് ടീച്ചർ, സയൻസ് ടീച്ചർ | |
| | | • ശാസ്ത്ര ആശയങ്ങൾ ഉറപ്പിക്കാൻ വർക്ക്ഷീറ്റ് ഉപയോഗപ്പെടുത്തൽ, ചർച്ച | അക്കാദമിക വർഷം | സയൻസ് ടീച്ചർ | |

| | | | |
|---|---|---|---|
| | • ICT സാധ്യത ഉപയോഗപ്പെടുത്തൽ | അക്കാദമിക വർഷം | സയൻസ് ടീച്ചർ |
| 2. ശാസ്ത്രാഭിരുചി, ശാസ്ത്രാവബോധം എന്നിവ വളർത്തിയെടുക്കുക. | • പരീക്ഷണങ്ങൾ ക്ലാസിൽ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകൽ. | അക്കാദമിക വർഷം | സയൻസ് ടീച്ചർ |
| | • സ്കൂൾതല സയൻസ് എക്സിബിഷൻ സംഘടിപ്പിക്കൽ | അക്കാദമിക വർഷത്തിൽ 1 തവണ | സയൻസ് ക്ലബ് |
| | • ശാസ്ത്രമേളകളിൽ പങ്കെടുക്കാൻ പ്രോത്സാഹനം നൽകൽ. | 2 മാസം | സയൻസ് ക്ലബ് |
| | • ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിച്ച് ക്ലാസിൽ പ്രദർശിപ്പിക്കൽ. | 1 മാസം | കുട്ടികൾ, സയൻസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| | | • ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ.<br>ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം ആഘോഷിക്കൽ – (പ്രത്യേക അസംബ്ലി, മത്സരങ്ങൾ [ക്വിസ്, പോസ്റ്റർ രചന] എന്നിവ സംഘടിപ്പിക്കൽ. | അക്കാദമിക വർഷം | SRG, സയൻസ് ക്ലബ്. |
| | | • ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ | അക്കാദമിക വർഷത്തിൽ 3 തവണ | ഹെൽത്ത് ക്ലബ്, സയൻസ് ക്ലബ് |
| 3. | ശാസ്ത്രമാസിക തയ്യാറാക്കൽ | • ശാസ്ത്ര അറിവുകൾ, ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, കവിതകൾ, പദപ്രശ്നം | അക്കാദമിക വർഷത്തിൽ 1 തവണ | കുട്ടികൾ, സയൻസ് ടീച്ചർ |

| | | | | |
|---|---|---|---|---|
| | | എന്നിവ ഉൾപ്പെടുത്തി ശാസ്ത്ര മാസിക തയ്യാറാക്കൽ. | | |
| 4. | ശാസ്ത്ര ലൈബ്രറി സജ്ജീകരിക്കൽ. | • ശാസ്ത്രപഠനത്തിനു പ്രയോജനപ്പെടുന്ന പുസ്തകങ്ങൾ ശേഖരിച്ച് പ്രത്യേകം ക്രമീകരിക്കൽ. | 6 മാസം | SRG, സയൻസ് ക്ലബ് |
| 5. | ശാസ്ത്രലാബ് നവീകരിക്കൽ | • ലാബിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി, ഉപകരണങ്ങൾ തരംതിരിച്ച് വൃത്തിയായി സൂക്ഷിക്കൽ. | 2 മാസം | സയൻസ് ക്ലബ്, SRG |

# MASTER PLAN - ENGLISH HS

| Aim | Activities | Month | Responsible person | Economic Source |
|---|---|---|---|---|
| Developing the ability of all children to read, write and speak English fluently. | Handling the English class in English.<br>Streaming the functioning of the English club and organizing seminars and speeches...<br>Conducting English assembly once a week. | June<br>Throughout the year | English teacher | English Club |
| Prepare for independent reading and writing | Interactive sessions like picture reading, short story writing, vocabulary production, preparing articles, role plays and news reading competitions. | | English teacher | |

| | | | | |
|---|---|---|---|---|
| Enable to sing and write poems | To give the chance to hear English audio.<br>To held poetry recitation competition. and appreciation of poems | July | English teachers | English Club |
| Cultivate effective communication skills for various contexts | Each groups read and assigned text together and discusses key elements like characters and themes.<br>Encourage students to take reading aloud and share their interpretations and reactions to the text.<br>Guided reading sessions with comprehensive questions.<br>Debates and presentations for advanced speaking practice | August-December | | |

| | | | | |
|---|---|---|---|---|
| …e technological innovations to enhance English language | Conducting English fest. and hold an English movie fest | | | |
| To develop basic grammar rules<br>Focus on sentence, pronunciation and grammar | Focus on developing simple paragraphs<br>Preparing and delivering speeches | January – February | English teacher | English club |
| Assessment and feedback | Use a variety of assessment methods such as quizzes, tests and performance tasks to assess different aspect of language learning | Throughout the year | English teacher | English club |
| Parent involvement | Development at home, including book recommendations reading strategies and language enrichment activities. | | English teacher, PTA Members and parents | |

# MASTER PLAN

## Subject : Mathematics HS

### ഗണിതശാസ്ത്രത്തിലെ മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിത ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിച്ചുകൊണ്ടും ഗണിതത്തെ ലളിതമായും നിത്യ ജീവിതവുമായി ബന്ധിപ്പിച്ചും അവതരിപ്പിച്ച് കൊണ്ട് കുട്ടികളിൽ ഗണിത അഭിരുചിയും താത്പര്യവും വളർത്തുകയും ഗണിത ശേഷി കൈവരിക്കുകയും ചെയ്യുന്നു. | 1) ഗണിത ശാസ്ത്രത്തിൽ പിന്നോക്കമായ കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം. | വർഷം മുഴുവൻ | ഗണിത അധ്യാപകർ/ തിരഞ്ഞെടുത്ത കുട്ടികൾ |
| | 2) ഗണിത പൂക്കളം, ജ്യോമെട്രിക്കൽ ചാർട്ട് നിർമ്മാണം, കുട്ടികളിൽ നിർമ്മിതികളിലെ താൽപര്യം വർദ്ധിപ്പിക്കൽ. | ആദ്യ ടേമിൽ | ഗണിത അധ്യാപകർ |
| | 3) ഗണിതം അനായാസവും രസകരവും ആക്കുന്ന വിധം ക്ലാസുകൾ ക്രമീകരിക്കുന്നു. | വർഷം മുഴുവൻ | ക്ലബ് കൺവീനർ |
| | 4) ഗണിത ക്ലബ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ, മണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ, പസിലുകൾ, റിഡ്ഡിൽസ്. | വർഷത്തിൽ ആദ്യ രണ്ട് ടേമിൽ | ഗണിത അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| | 5) വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | വർഷം മുഴുവൻ | ഗണിത അധ്യാപകർ |
| | 6) ഗണിത ലാബ് ക്രമീകരിക്കൽ. | ആഗസ്റ്റ്-സെപ്റ്റംബർ | ഗണിത അധ്യാപകർ |
| | 7) ഗണിത ശാസ്ത്രമേളയിൽ സജീവ പങ്കാളിത്തത്തിലൂടെ കുട്ടികളിൽ ഗണിതാഭിമുഖ്യം വളർത്തുക. | വർഷത്തിലൊരിക്കൽ | ഗണിത അധ്യാപകർ |
| | 8) ഐ.സി.റ്റി സാധ്യതകൾ ഉപയോഗിച്ച് ഗണിത പരിശീലനം ജിയോജിബ്ര മുതലായവ. | വർഷം മുഴുവൻ | ഗണിത അധ്യാപകർ |

# SNVSHS
# THRIKKARUVA

# ACADEMIC
# MASTER PLAN
# 2025-2026